(ബി) ഉണ്ടെങ്കിൽ അതിൽ പറഞ്ഞിട്ടുള്ള ആവശ്യങ്ങൾ എന്തെല്ലാം ആയിരുന്നു;

(സി) ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചു;

(ഡി) 1974-75-ലെ ഇൻസ്പെക്ഷൻ റിപ്പോർട്ടിൽ സ്കൂൾ പരിസരത്തിന്റെ വിസ്തീർണ്ണം 2 ഏക്കർ 50 സെന്റ് ആയിരുന്നത് 1977-78-ലെ റിപ്പോർട്ടുപ്രകാരം വെറും 40 സെന്റ് മാത്രമാണെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഇ) ഒരു യു. പി. സ്കൂളിന് 40 സെന്റ് സ്ഥലം മതിയാകുമോ;

(എഫ്) പോരെങ്കിൽ സ്ഥലക്കുറവ് കാരണം സ്കൂളിനോടനുബന്ധിച്ച് മറ്റു സൗകര്യങ്ങളൊന്നും ഏർപ്പെടുത്താത്തതിനാൽ ബുദ്ധിമുട്ടുന്ന അദ്ധ്യാപകരേയും വിദ്യാർത്ഥികളേയും പരിഗണിച്ച് വേണ്ട നടപടി സ്വീകരിക്കുവാൻ ഗവൺമെന്റ് തയ്യാറാകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിവിധങ്ങളായ 12 ആവശ്യങ്ങൾ അതിൽ ഉന്നയിച്ചിരുന്നു.

(സി) അനന്തര നടപടികൾ സ്വീകരിക്കുന്നതിന് കോഴിക്കോട് മേഖലാ വിദ്യാഭ്യാസ ഡയറക്ടർക്ക് വേണ്ട നിർദ്ദേശം വിദ്യാഭ്യാസ ഡയറക്ടർ കൊടുത്തിട്ടുണ്ട്.

(ഡി) വിവരം ശേഖരിച്ചു വരുന്നു.

(ഇ) മതിയാവുകയില്ല.

(എഫ്) ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതാണ്.

സോഷ്യൽ എഡ്യൂക്കേഷനിൽ ഓർഗനൈസർമാരായി നിയമിതരായവർ

1017 [1629] ശ്രീ. സിറിയക് ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) 1950-ൽ സോഷ്യൽ എഡ്യൂക്കേഷണൽ ഓർഗനൈസർമാരായി നിയമിതരായവരിൽ പിന്നീട് പ്രൈമറി അദ്ധ്യാപകരായി എത്ര പേർ ഇപ്പോഴും സർവ്വീസിൽ തുടരുന്നുണ്ട്;

(ബി) അവരുടെ സോഷ്യൽ എഡ്യൂക്കേഷണൽ ഓർഗനൈസർമാരെന്ന നിലയിലുള്ള സർവ്വീസ് അദ്ധ്യാപകർക്കുള്ള ഇൻക്രിമെന്റ്, വെയിറേജ് തുടങ്ങിയ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് പരിഗണിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തുകൊണ്ട്;

(ഡി) സോഷ്യൽ വെൽഫെയർ ബോർഡിലുണ്ടായിരുന്നവർക്കു പോലും അനുവദിച്ചു കൊടുത്ത ആനുകൂല്യങ്ങൾ ഇവർക്ക് നിഷേധിക്കുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ഉദ്ദേശം പത്തുപേർ.

(ബി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) അവരുടെ സർവ്വീസ് സ്ഥിരപ്പെടുത്തിയിട്ടില്ലായിരുന്നു. താൽക്കാലിക സർവ്വീസായി അലവൻസ് മാത്രമാണ് കൊടുത്തിരുന്നത്. അതുകൊണ്ട് അവരുടെ പൂർവ്വകാല സർവ്വീസ് ഇൻക്രിമെന്റ്, വെയിറേജ് എന്നിവയ്ക്ക് കണക്കാക്കിയിട്ടില്ല.

(ഡി) പ്രശ്നമില്ല.

നെടുമങ്കാവ് യു. പി. സ്കൂളിന് നിർമ്മിക്കുന്ന കെട്ടിടത്തിന്റെ എസ്റ്റിമേറ്റ്

1018 [1630] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര താലൂക്കിൽ ഡി. ഇ. ഒ. യുടെ പരിധിയിലുള്ള നെടുമങ്കാവ് യു. പി. സ്കൂളിന് നിർമ്മിക്കുന്ന കെട്ടിടത്തിന്റെ എസ്റ്റിമേറ്റ് ഗവൺമെന്റിനു ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എസ്റ്റിമേറ്റ് സംഖ്യ എത്രയാണ്;

(സി) അതിന് അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ നൽകിയോ;

(ഡി) ഈ സാമ്പത്തിക വർഷംതന്നെ പ്രസ്തുത സ്കൂൾകെട്ടിട നിർമ്മാണം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.
(ബി), (സി) ചോദ്യം ഉദിക്കുന്നില്ല.
(ഡി) എസ്റ്റിമേറ്റ് ഇതുവരെയും കിട്ടിയിട്ടില്ലാത്ത സ്ഥിതിക്ക് കെട്ടിടത്തിന്റെ പണി ഈ സാമ്പത്തിക വർഷം ആരംഭിക്കുവാൻ പ്രയാസമാണ്.

മുട്ടറ യു. പി. സ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുവാനുള്ള നടപടി

1019 [163?] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര താലൂക്കിൽ മുട്ടറ യു. പി. സ്കൂളിന് ഒരു പുതിയ കെട്ടിടം നിർമ്മിക്കുവാനുള്ള എന്തെങ്കിലും നടപടി ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പണിക്ക് എത്ര സംഖ്യയാണ് വകയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) അതിന് അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ നൽകിയിട്ടുണ്ടോ;

(ഡി) ഈ സാമ്പത്തിക വർഷംതന്നെ പ്രസ്തുത സ്കൂൾ കെട്ടിട നിർമ്മാണം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.
(ബി) ബഡ്ജറ്റിൽ 5,000 രൂപ കൊള്ളിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly